ഇഹ്സാൻ

# കള്ളന് കഞ്ഞിവെക്കുന്ന
# യു.പി.എ സർക്കാർ

**ഗസ്സയിലെ** ഇസ്രയേൽ ആക്രമണമായിരുന്നു 2008-ൽ ലോകം കണ്ട ഏറ്റവും വലിയ കൂട്ടക്കുരുതി. പക്ഷേ ഇന്ത്യക്കു പോലും അതിനെ ഭീകരതയായി വിലയിരുത്താൻ തോന്നിയില്ല. ഇസ്രായേൽ ഗസ്സയിൽ കൊന്നുമുടിച്ചതിന്റെ പകുതിയോളം പോലുമെത്താത്ത മുംബൈ ദുരന്തസമയത്ത് മൂന്നുനാൾ ലോകം മുൾമുനയിൽ നിന്നതും, ആക്രമണാനന്തരം ലോകനേതാക്കൾ ഇന്ത്യയിലേക്കു പറന്നെത്തിയതും, ചെറുതും വലുതുമായ ലോകരാഷ്ട്രങ്ങളെല്ലാം ഇസ്‌ലാമിക ഭീകരതയെ അപലപിച്ചതും പാകിസ്താനെതിരെ യുദ്ധത്തിനു പോകാൻ ഇന്ത്യയുടെ ചുറ്റുംകൂടി നിന്ന് ഒച്ചയെടുത്തതും ഒരു തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശ്വസിച്ചവരാണല്ലോ നാം. ഇസ്രയേലിന്റെ കാര്യത്തിൽ അതേ ആളുകൾക്ക് ഉരിയാട്ടം നഷ്ടപ്പെട്ടിരിക്കുന്നു. അവിടം കൊണ്ടൊതുങ്ങുന്നില്ല; സ്ത്രീകളോടും കുഞ്ഞുങ്ങളോടുമല്ല ഹമാസ് എന്ന സംഘടനയുമായാണ് യുദ്ധമെന്ന മട്ടിലാണ് ആഗോള മാധ്യമങ്ങൾ വിഷയത്തെ സമീപിക്കുന്നത്. നിരപരാധികളായ പൗരൻമാർ കൊല്ലപ്പെട്ട എത്രയോ ദുരനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്കെങ്കിലും ശക്തമായ ഭാഷയിൽ പ്രതികരിക്കാൻ കഴിയണമായിരുന്നു. ഇസ്രായേൽ കുറെക്കൂടി ക്ഷമ പാലിക്കണം എന്നു മാത്രമാണ് ഇതെഴുതുന്ന ദിവസം വരെ നമ്മുടെ രാജ്യത്തിന്റെ വായിൽ നിന്നും വന്ന 'തിരുമൊഴിമുത്തു'കൾ! അപലപിക്കുക എന്ന പ്രവൃത്തിയെ നപുംസകത്വത്തിന്റെ മറ്റൊരു പര്യായമായി ആഗോള നയതന്ത്രം മാറ്റിയെടുത്ത കാലത്താണ് നാം ജീവിക്കുന്നത്. അതുപോലും നേരെചൊവ്വെ ചെയ്യാനറിയാത്ത ഷണ്ഡൻമാരായി മാറിയിരിക്കുന്നു നമ്മുടെ ഭരണാധികാരികൾ.

അപകടകരമായ ദിശയിലാണ് മൻമോഹൻസിംഗിന്റെ ഇന്ത്യ പ്രയാണം ചെയ്യുന്നത്. മുസ്‌ലിംകളെ രാഷ്ട്രീയ ശത്രുക്കളാക്കിയെടുക്കുന്ന മുഴുവൻ സിദ്ധാന്തങ്ങളുമായും കോൺഗ്രസ് സർക്കാർ നിമിഷാർധത്തിൽ രാജിയാവുകയാണ്. അക്കാര്യത്തിൽ അന്താരാഷ്ട്ര അജണ്ടകളുടെ താൽപര്യമല്ലാതെ സ്വന്തം ജനത മൻമോഹൻസിംഗിന് ഒരു ചിന്തയേ ആകുന്നില്ല. മുംബൈ സ്ഫോടനത്തിന് ശേഷമുള്ള അദ്ദേഹത്തിന്റെ ഓരോ ചുവടുവെപ്പിലും ഇത് കാണാനുണ്ട്. മുംബൈയിൽ ഭീകരാക്രമണം നടത്തിയത് നരിമാൻ ഹൗസ് കേന്ദ്രീകരിച്ചാണ് എന്നതിനും, ഈ സംഭവത്തിന് ഗുജറാത്തിൽ അണിയറ സഹായം ലഭിച്ചതിനും നിരവധി വിദേശരാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിശിഷ്യ ഇസ്രായേൽ, ഇംഗ്ലണ്ട്, അമേരിക്ക എന്നീ രാജ്യങ്ങളിലെ ചില ദുശ്ശക്തികൾക്ക് സംഭവത്തിൽ പങ്കുണ്ടാവാമെന്നതിനും മാധ്യമങ്ങളിൽ വന്ന എണ്ണമറ്റ റിപ്പോർട്ടുകൾ പുഛിച്ചു തള്ളുകയാണ് സർക്കാർ. ജനങ്ങൾ മൂന്നുനാൾ നേരിട്ടുകണ്ട, അഞ്ചോ ആറോ ദിവസം പത്രങ്ങളിലൂടെ വായിച്ച ഈ ദുരന്തത്തിന്റെ വിശദാംശങ്ങൾക്ക് രാഷ്ട്രീയഭാഷ്യം ചമക്കാൻ യു.പി.എ സർക്കാറിന് നാണമില്ലാതായിരിക്കുന്നു. പാർലമെന്റിൽ പ്രസ്താവനയിറക്കിയാൽ അതു ശരിയായിരുന്ന കാലഘട്ടമുണ്ട്. പാർലമെന്റിനെ മറികടന്ന് അന്താരാഷ്ട്ര കരാറുകൾ ഒപ്പുവെക്കുന്നവരുടെ കാലത്ത് വ്യവസ്ഥകൾ നുണപറയാനുള്ള ന്യായമാകുകയാണ് ചെയ്യുന്നത്. കൊല്ലപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ ഭാര്യപോലും ചിദംബരത്തിന്റെ വിശദീകരണക്കുറിപ്പിന് വാറോലയുടെ വിലകൽപ്പിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല.

കോൺഗ്രസിനും യു.പി.എക്കും ഇതിനല്ലാതെ മറ്റെന്തിനാണ് കഴിയുക? ആയുധക്കച്ചവടവും അതിന്റെ കമ്മീഷനും രാഷ്ട്രീയനയങ്ങളുടെ അടിസ്ഥാനമാകുന്ന ലോകത്ത് ഇന്ത്യക്കെന്ത് ഗസ്സാമുനമ്പ്? എന്ത് മനുഷ്യാവകാശം? നാം ഇസ്രായേലുമായി സുരക്ഷാ കരാറിൽ ഒപ്പുവെച്ച രാജ്യമല്ലേ? ഇസ്രായേൽ ക്ഷമ അവലംബിക്കണം എന്ന നമ്മുടെ രാജ്യത്തിന്റെ നിലപാടിനു പോലും വിശാലമായ അർഥതലങ്ങളുണ്ട്. ദേഷ്യം തീർക്കാൻ ഒറ്റയടിക്ക് ബോംബിടരുത്, മിസൈലുകളുടെ രൂപത്തിൽ കുറേശ്ശെയായി തൊടുത്തു തീർത്താൽ മതിയെന്നാണ് മൻമോഹൻ സിംഗ് സർക്കാറിന്റെ പ്രസ്താവനയെ തെൽഅവീവിലുള്ളവർ വിശദീകരിക്കുന്നുണ്ടാവുക. റഷ്യ കഴിഞ്ഞാൽ ഇന്ത്യ ഏറ്റവുമധികം ആയുധം വാങ്ങുന്ന രാജ്യമാണ് ഇസ്രായേൽ എന്ന നിലക്ക് നമുക്കെങ്ങനെ അവരെ പിണക്കാനൊക്കും? ആയുധക്കച്ചവടം എന്ന് പച്ചക്ക് വിളിക്കാതെ സുരക്ഷാ ഇടപാടുകൾ എന്ന് വിശേഷിപ്പിക്കുന്നത് നമ്മുടെ അന്തസ്സിന് മോശമായതുകൊണ്ടാണ്. ഇടപാടുകൾ ഏതായാലും നമുക്ക് കിട്ടേണ്ടത് കിട്ടണം എന്നേയുള്ളൂ. രാഷ്ട്രീയം ചെലവ് കൂടിയ ഏർപ്പാടാണ് ഇപ്പോൾ. പണ്ടത്തെ പോലെ കുടിവെള്ള പദ്ധതിക്ക് കുഴിയെടുത്ത്, പൈപ്പിട്ട്, വർഷങ്ങളോളം എഞ്ചിനീയർമാർ കിടന്നു നിരങ്ങി, ഫയലുകളിൽ നിന്ന് ഫയലുകളിലൂടെ അരിച്ചരിച്ച് നീങ്ങി, ഉദ്യോഗസ്ഥന്മാരുടെ പിരമിഡ് കയറിയിറങ്ങി ഒടുവിൽ ഭരണത്തിന്റെ ഖിയാമംനാളിൽ ദൽഹിയിലെത്തുന്ന 10 ശതമാനം കമ്മീഷന് വേണ്ടി കാത്തിരുന്നാൽ പാർട്ടിയാസ്ഥാനം കുളംതോണ്ടിയതു തന്നെ. പ്രതിരോധം വകയിൽ കരാർ ഒപ്പിട്ടാലോ? പാടത്തു പണി, വരമ്പത്ത് കൂലി! രാജ്യസ്നേഹത്തിന്റെ ഓവർകോട്ടു പുതച്ചാൽ ദേഹത്തു ചളിയും തെറിക്കില്ല. ആയുധങ്ങൾ ഉണ്ടെങ്കിലാണ് സമാധാനം ഉറപ്പു വരുന്നതെന്നാണ് പുതുലോകക്രമത്തിന്റെ പ്രണവമന്ത്രം. അണുവായുധം ഉണ്ടെങ്കിലാണ് പ്രതിരോധം കുറെക്കൂടി ഭദ്രമാകുന്നത്. രാസായുധങ്ങളും ജൈവായുധങ്ങളും ക്ലസ്റ്റർ ബോംബുമൊക്കെ ആയുധക്കമ്പോളത്തിലെ സൊയമ്പൻ സാധനങ്ങളാണ്. കമ്മീഷൻ കൂടും! പക്ഷേ, പരസ്യമായി ഇടപാട് നടത്തരുതെന്നു മാത്രം.

മുംബൈ സംഭവത്തിൽ ഇസ്രായേലിന് പങ്കുണ്ടായിരുന്നോ ഇല്ലേ എന്നതിനെ കുറിച്ച് സ്വതന്ത്രമായ അന്വേഷണത്തിന് ഉത്തരവിടാൻ മൻമോഹൻ സിംഗ് പത്തുവട്ടം ജനിക്കണം. വാജ്പേയിയുടെ കാലത്ത് തുടങ്ങിയ ഈ 'സുരക്ഷാ സഹകരണം' കൊണ്ട് ഇന്ത്യയിൽ ഭീകരാക്രമണങ്ങൾ വർധിച്ചു എന്നല്ലാതെ ഒരിക്കലെങ്കിലുമുണ്ടോ ഇസ്രായേലിന്റെ ഉപദേശം ഇന്ത്യയെ രക്ഷിച്ചതായി?